## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5238** **27.06.2019 - ൽ മറുപടിക്ക്.**

## സംസ്ഥാന ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ഇ.കെ.വിജയൻ**<br>**,, കെ. രാജൻ**<br>**,, മുഹമ്മദ് മുഹസിൻ പി. :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ നിലവിൽ വന്നിട്ടുണ്ടോ;<br><br>**(ബി)** സംസ്ഥാന ഭക്ഷ്യകമ്മീഷനിലേയ്ക്ക് ആവശ്യമായ അംഗങ്ങളെ നിയമിച്ചുകഴിഞ്ഞോ; അതിനായുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | **(എ) യും (ബി) യും** ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ റൂൾ 31 എന്നിവയുടെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം 21.12.2018 ലെ സ.ഉ.(കൈ)നം.50/18/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് ചെയർമാനെ നിയമിക്കുകയും 11.01.2019 ലെ സ.ഉ(സാധാ) നം. 190/19/പൊ.ഭ.വ പ്രകാരം മെമ്പർ സെക്രട്ടറിയേയും 31.05.2019 ലെ സ.ഉ(കൈ)നം.14/19/ഭ.പൊ.വി.വ പ്രകാരം കമ്മീഷൻ അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്.<br>കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റു. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ഓഫീസ് കെട്ടിടം, ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച ഫയലുകൾ പൊതുമരാമത്ത്, ധനകാര്യ വകുപ്പുകളുടെ പരിഗണനയിലാണ്. |
| **(സി)** ഭക്ഷ്യകമ്മീഷന്റെ ചുമതലകളും ഭക്ഷ്യവിതരണം കാര്യക്ഷമമാക്കുന്നതിലുള്ള പങ്കും വിശദമാക്കുമോ; | **(സി)** ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 16(6) (അനുബന്ധം I ആയി ചേർത്തിട്ടുണ്ട്), സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ന്റെ ചട്ടം 36 (അനുബന്ധം II ആയി ചേർത്തിട്ടുണ്ട്) എന്നിവ പ്രകാരമുള്ള ചുമതലകളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നത്. |
| **(ഡി)** ഭക്ഷ്യകമ്മീഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | **(ഡി)** ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

**The State Commission shall undertake the following functions namely:-**

a. monitor and evaluate the implementation of this Act, in relation to the State.

b. either suo motu or on receipt of complaint inquire into violations of entitlements provided under Chapter II;

c. give advice to the State Government on effective implementation of this Act;

d. give advice to the State Government, their agencies, autonomous bodies as well as non-governmental organisations involved in delivery of relevant services, for the effective implementation of food and nutrition related schemes, to enable individuals to fully access their entitlements specified in this Act;

e. hear appeals against orders of the District Grievance Redressal Officer;

f. prepare annual reports which shall be laid before the State Legislature by the State Government.

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

**Powers of the State Commission**

In addition to the powers under the Act, the State Commission shall have the following powers,-

a. to issue direction to any public servant/public authority to take such steps as may be necessary to secure compliance with the provisions of the Act or rules issued there under which the complainant might be entitled to a right or benefit;

b. to lay down its own procedure for the discharge of its day-to-day business, subject to the provisions of the Act and the rules there under, with the prior approval of the Government;

c. to transfer any complaint field before it to the District Grievance Redressal Officer concerned;

d. to exercise such financial powers as decided by the Government from time to time;

e. to widely disseminate the Act among people inorder to achieve its objectives to the full;

f. to exercise such other powers as it may consider to be conductive to the promotion of food and nutritional security, with the prior approval of Government.